*Ref.* *Date:*

**MIN01/211117/OAA** **17/11/2021**

# ദാറുൽഹുദാ സെക്കന്ററി ആന്റ് സീനിയർ സെക്കന്ററി എഡ്യുക്കേഷൻ ബോർഡ് മീറ്റിംഗ് റിപ്പോർട്ട്

സെക്കന്ററി ആന്റ് സീനിയർ സെക്കന്ററി എഡ്യുക്കേഷൻ ബോർഡ് മീറ്റിംഗ് 07-11-2021 ഞായറാഴ്ച 10.00 മണിക്ക് ദാറുൽഹുദാ മീറ്റിംഗ് ഹാളിൽ വെച്ച് ചേർന്നു. ബോർഡ് ഡയറക്ടർ ഡോ. അബ്ദുർറഹ്മാൻ അരീക്കാടൻ അധ്യക്ഷത വഹിച്ചു. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ധാർമികതയുള്ള മനുഷ്യനെ സൃഷ്ടിക്കലാണെന്നും കാലിക യുഗത്തിൽ ധാർമികതയും മൂല്യങ്ങളും നഷ്ടപ്പെടുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നും അതിനുള്ള പരിഹാര മാർഗങ്ങൾ ദാറുൽഹുദാ സംവിധാനത്തിൽ രൂപപ്പെടണമെന്നും ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി ഉസ്താദ് ഉദ്ഘാടന ഭാഷണത്തിൽ ഉണർത്തി.

**പങ്കെടുത്തവർ**

1. ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി
2. യു.ശാഫി ഹാജി
3. ഡോ. അബ്ദുർറഹ്മാൻ അരീക്കാടൻ
4. ശാഹുൽഹമീദ് മാസ്റ്റർ മേൽമുറി
5. ഇബ്രാഹീം കുട്ടി മാസ്റ്റർ
6. റഹീം മാസ്റ്റർ ചുഴലി
7. അബ്ദുൽജലീൽ ഹുദവി ബാലയിൽ
8. ഹാരിസ് ഹുദവി മടപ്പള്ളി
9. അബ്ദുല്ല ഹുദവി വേങ്ങര
10. ഡോ. അബ്ദുർറഫീഖ് ഹുദവി പുകൊളത്തൂർ
11. എം.കെ ജാബിറലി ഹുദവി
12. പി.കെ അബ്ദുന്നാസിർ ഹുദവി
13. അലിഹസൻ ഹുദവി കോട്ടക്കൽ

**അജണ്ട**

**1. മുൻയോഗ റിപ്പോർട്ട് അവലോകനം**

രജിസ്ട്രാർ എം.കെ ജാബിറലി ഹുദവി മുൻയോഗ റിപ്പോർട്ട് അവലോകനം ചെയ്തു. ഓരോ വിഷയത്തിന്റെയും ലേണിംഗ് ഔട്ട്കം തയ്യാറാക്കുന്നതിന് വേണ്ട വർക്ഷോപ്പുകൾ നടത്തപ്പെട്ടിട്ടില്ലെന്നും റിപ്പോർട്ടിൽ നിർദേശിക്കപ്പെട്ട മറ്റു കാര്യങ്ങളെല്ലാം നിർവഹിക്കപ്പെട്ടെന്നും യോഗം വിലയിരുത്തി.

**2. കരിക്കുലം കമ്മറ്റി നിർദേശങ്ങൾ അന്തിമമാക്കുക**

വിവിധ കരിക്കുലം കമ്മറ്റികളുടെ നിർദേശങ്ങൾ യോഗത്തിന് മുമ്പാകെ അവതരിപ്പിച്ചു. നിർദേശങ്ങൾ താഴേ ചേർക്കുന്നു.

**2.1 Qur'an and Related Sciences**

സീനിയർ സെക്കന്ററി തഫ്സീറിന്റെ പാഠഭാഗം തദാറുസ് കോഴ്സ് ആയി ക്രമീകരിക്കുന്നത് ആലോചിക്കുന്നു.

തംഹീദ്, തിലാവ, തഫ്സീർ, തദബ്ബുർ, തസ്കിയ എന്നീ അഞ്ച് ഘട്ടങ്ങളിലായി ഖുർആൻ പഠിക്കുന്ന രീതിയാണ് തദാറുസ് കോഴ്സ്. മുഅസ്സസതുന്നബഇൽഅളീം എന്ന സൗദീ എജൻസിയാണ് പ്രസ്തുത കോഴ്സ് സംഘടിപ്പിക്കുന്നത്.



Hidaya Nagar, Chemmad, P.B.3, P.O. Tirurangadi, Malappuram, Kerala, India, 676306
www.dhiu.in info@dhiu.in +91 494 2463155, 2460575, 2464502 9745460575

**2.2 Hadith and Principles**

ഉസൂലുൽ ഹദീസ് ഉൾപ്പെടെയുള്ള ഹദീസ് വിഷയങ്ങൾ വിദ്യാർത്ഥികൾക്കിടയിൽ കൂടുതൽ അസ്വാദ്യകരമായി പഠിപ്പിക്കുന്നതിന് വേണ്ടി S3, S4, S5 ക്ലാസ്സുകളിലേക്കായി പുതിയ ടെക്സ്റ്റ് പുസ്തക സീരീസ് തയ്യാറാക്കുക.

**2.3 Arabic Language & Literature**

മൂന്നാം ക്ലാസ്സിലെ സ്വർഫ് കിതാബായ തയ്സീറുൽവിൽദാനിനു വേണ്ടി ഉചിതമായ വർക്ക് ബുക്ക് S3, S4 ക്ലാസ്സുകളിലെ നഹ്വുൽ വാളിഹിന്റെ സഹായത്തോടെ തയ്യാറാക്കുക.

**2.4 Translation and Composition**

S3, S4, SS2 എന്നീ ക്ലാസുകളിലെ ടെക്സ്റ്റ് ബുക്കുകൾ പരിഷ്കരിക്കുക.

**2.5 Social Studies (Islamic History)**

സീനിയർ സെക്കന്ററി അവസാന വർഷത്തെ തമദ്ദുനിന്റെ സിലബസ് പാഠഭാഗം പരിഷ്കരിക്കുക. അതിനായി പുതിയ Course outline തയ്യാറാക്കുക.

സോഷ്യൽ ലാബിനു ആവശ്യമായ ടൂൾസ് ലിസ്റ്റ് തയ്യാറാക്കുക.

**2.6 Natural Science**

നിലവിലെ സീനിയർ സെക്കന്ററി ആദ്യ വർഷത്തെ രണ്ടാം സെമസ്റ്ററിലെ പാഠഭാഗത്തിന് ഡീറ്റെയിൽഡ് സ്റ്റഡി മെറ്റീരിയൽ തയ്യാറാക്കുക.

**2.7 Information Technology**

നിലവിലെ സിലബസ് പൂർണമായും പരിഷ്കരിക്കുക. അധ്യാപകർക്കും വിദ്യാർത്ഥികൾക്കും വിതരണം ചെയ്യപ്പെടാവുന്ന തരത്തിൽ ടെക്സ്റ്റ് ബുക്കുകൾ തയ്യാറാക്കുക.

**2.8 പൊതു നിർദ്ദേശങ്ങൾ**

2.8.1 മലയാളത്തിന് പുറമെ സെക്കന്ററി ക്ലാസ്സുകളിൽ പഠിപ്പിക്കപ്പെടുന്ന അറബി, ഇംഗ്ലീഷ് , ഉറുദു, ഹിന്ദി എന്നീ ഭാഷകളുടെ അധ്യാപനം പൂർണ്ണമായി അതതു ഭാഷകളിൽ നിർവഹിക്കുക. ആദ്യ രണ്ട് വർഷക്കാർക്ക് അത്യാവശ്യഘട്ടങ്ങളിൽ മാത്രം മാതൃഭാഷ ഉപയോഗിക്കുക.

2.8.2 സെക്കന്ററി ആദ്യ വർഷങ്ങളിലെ ക്ലാസുകളിലേക്ക് ദാറുൽഹുദാ തയ്യാറാക്കിയ പുസ്തകങ്ങൾ കൂടുതൽ ആകർഷണീയമാക്കുക. അതിന്റെ ആദ്യ ഘട്ടമായി സെക്കന്ററി ഒന്നാം വർഷത്തെ കണക്ക്, ഇംഗ്ലീഷ്, അറബിക് എന്നീ വിഷയങ്ങളുടെ ടെക്സ്റ്റ് ബുക്കുകൾ കെട്ടിലും മട്ടിലും പരിഷ്കരിക്കുക.

2.8.3 സെക്കന്ററി നിക്സ് വിഭാഗത്തിൽ പ്രാദേശികമായ സാഹചര്യങ്ങൾക്കനുസരിച്ച് സിലബസ്സിൽ മാറ്റങ്ങൾ അനുവദിക്കപ്പെട്ടതാണെങ്കിലും അവ കൂടുതൽ കൃത്യത വരുത്തി കരിക്കുലം കമ്മിറ്റി മീറ്റിംഗിൽ വിലയിരുത്തുവാൻ സാധ്യമാവും വിധം ക്രോഡീകരിക്കുക.

2.8.4 സെക്കണ്ടറി ഫൈനൽ സർട്ടിഫിക്കറ്റിനായി നിയോസിനു പകരം സമീപത്തുള്ള സ്കൂളുകളുമായി ബന്ധപ്പെട്ട് അഡ്മിഷൻ ശരിയാക്കി കേരള സെക്കന്ററി സർട്ടിഫിക്കറ്റിനായുള്ള ശ്രമം നടത്തുക.

നിർദേശങ്ങൾക്ക് യോഗം തത്വത്തിൽ അംഗീകാരം നൽകി. അനുബന്ധകാര്യങ്ങളുമായി മുന്നോട്ട് പോകാൻ കരിക്കുലം കമ്മറ്റികളോട് ആവശ്യപ്പെട്ടു.

ഖുർആൻ പഠനത്തിന് നിർദേശിക്കപ്പെട്ട തദാറുസ് രീതി പ്രായോഗികതകൾ പഠിച്ച് ദാറുൽഹുദാ സംവിധാനത്തിന് യോജിക്കുന്ന രീതിയിൽ നടപ്പാക്കുക. ഫലപ്രദമായ രീതിയിൽ തജ്വീദ് പഠിപ്പിക്കുന്നതിനാവശ്യമായ മാർഗങ്ങൾ സ്വീകരിക്കണമെന്ന് അംഗങ്ങൾ ആവശ്യപ്പെട്ടു.

സെക്കന്ററി സർട്ടിഫിക്കറ്റിന് നിലവിൽ എഴുതുന്ന നിയോസ് പലരീതിയിൽ വിദ്യാർഥികൾക്ക് പ്രയാസമാണെന്നതിനാൽ സാധ്യമായ പരിഹാര മാർഗങ്ങൾ ചർച്ച ചെയ്തു. സി.ബി.എസ്.സി സ്കൂളുകളുമായി സഹകരിച്ച് റെഗുലർ പരീക്ഷ എഴുതുന്നതിന്റെ സാധ്യത അന്വേഷിക്കാൻ തീരുമാനിച്ചു.

**3. സിലബസ് അവലോകനം**

3.1 കഴിഞ്ഞ യോഗത്തിലെ നിർദേശ പ്രകാരം സിലബസ് പൊതുവായി വിലയിരുത്താൻ ചില അംഗങ്ങളെ പ്രത്യേകം ചുമതലപ്പെടുത്തിയിരുന്നു. നിലവിലെ സിലബസ് തൃപ്തികരമാണെന്ന് അവർ വിലയിരുത്തി. നിക്സ് സ്ഥാപനങ്ങളിൽ ആദ്യ ക്ലാസുകളിൽ കൃത്യമായ ബ്രിഡ്ജ് കോഴ്സുകളിലൂടെ പ്രാദേശിക ഭാഷയിലും, അടിസ്ഥാന വിഷയങ്ങളിലും പരിശീലനം നൽകി വിദ്യാർഥികളെ ദാറുൽഹുദാ സംവിധാനത്തിലേക്ക് പര്യാപ്തരാക്കി മാറ്റണമെന്ന് അബ്ദുൽ ജലീൽ ഹുദവി ബാലയിൽ ആവശ്യപ്പെട്ടു.

3.2 നിക്സ് വിദ്യാർഥികൾ പല വിഷയങ്ങളിലും വിശിഷ്യാ ഭാഷാ പഠനങ്ങളിൽ (പ്രാദേശിക ഭാഷകൾ, അറബി വ്യാകരണം) പല രീതിയിലുള്ള പ്രയാസം നേരിടുന്നതായി വിലയിരുത്തി. സെക്കന്ററി മൂന്നാം തരം വരെ അതത് സ്ഥാപനങ്ങൾക്ക് വിദ്യാർഥികളുടെ സാഹചര്യമനുസരിച്ചുള്ള സിലബസ് മാറ്റങ്ങൾ വരുത്താൻ അനുമതിയുണ്ട്. സ്ഥാപനങ്ങൾ നിലവിലുള്ള സ്ഥിതി റിപ്പോർട്ട് ചെയ്യുകയും ശേഷം പൊതുവായ ഒരു രൂപം അക്കാദമിക് ഓഫീസിൽനിന്ന് തയ്യാറാക്കുകയും ചെയ്യാമെന്ന് ധാരണയായി. നിക്സ് വിദ്യാർഥികൾക്കും ഹുദവി ബിരുദം നൽകുന്നതിനാൽ ദാറുൽഹുദായുടെ നിലവാരം അവിടെയും ഉറപ്പുവരുത്തണമെന്ന് യോഗം ആവശ്യപ്പെട്ടു.

3.3 ഐ.ടി യിൽ ആധുനിക കാല പ്രബോധനത്തിന് വളരെ ഉപയുക്തമായ റോബോട്ടിക്സ്, നാനോ റോബോട്ടിക്സ് മുതലായ മേഖലകൾ കൂടി പരിചയപ്പെടുത്തണമെന്ന് റഹീം മാസ്റ്റർ നിർദേശിച്ചു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ചർച്ച ചെയ്യണമെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. നമുക്കാവശ്യമുള്ള സോഫ്റ്റുവെയറുകളും വെബ്സൈറ്റുകളും നിർമിക്കാൻ പ്രാപ്തിയുള്ളവർ നമുക്കിടയിൽനിന്ന് തന്നെ ഉണ്ടാവണമെന്ന് അബ്ദുൽജലീൽ ഹുദവി ആവശ്യപ്പെട്ടു.

3.4 അധ്യാപന രീതികൾ വിഷയങ്ങൾക്കനുസരിച്ച് വ്യത്യസ്തമായിരിക്കണം. പരമ്പരാഗത കിതാബുകൾ പഠിപ്പിക്കുന്ന രീതിയിൽ ഗണിതം, ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം തുടങ്ങിയ വിഷയങ്ങൾ പഠിപ്പിക്കുന്നത് പ്രസ്തുത വിഷയങ്ങളിൽ വേണ്ടത്ര ക്രിയാത്മകത ഇല്ലാതാക്കുമെന്ന് അംഗങ്ങൾ സൂചിപ്പിച്ചു.

3.5 സെക്കന്ററി ഒന്നാം തരം ഫിഖ്ഹ് പ്രയാസകരമാണെന്ന് ചില രക്ഷിതാക്കൾ അഭിപ്രായപ്പെട്ടതായി അബ്ദുല്ല ഹുദവി അറിയിച്ചു. അതേ സമയം, മത്നുസഫീനത്തുന്നജാത്ത് പൂർണമായി മനപാഠമാക്കേണ്ട വളരെ ചെറിയ ഗ്രന്ഥമാണെന്ന് അബ്ദുൽജലീൽ ഹുദവി വ്യക്തമാക്കി.

ഓരോ വിഷയത്തിന്റെയുംപിരീഡുകളും അവയുടെ അനുപാതവും സംബന്ധിച്ച് അടുത്ത യോഗത്തിൽ വിശദമായി ചർച്ച ചെയ്യാമെന്ന് തീരുമാനിച്ചു.

**4. മൂല്യനിർണയ രീതികൾ**

4.1 കഴിഞ്ഞ പരീക്ഷയിലെ ചോദ്യപ്പേപ്പറുകൾ അംഗങ്ങൾ വിലയിരുത്തി. മനപാഠമാക്കി എഴുതുന്ന രീതി മാറ്റി കൺസ്ട്രക്റ്റീവ് ലേണിംഗിന് പ്രാധാന്യം നൽകുന്ന തരത്തിലുള്ള ചോദ്യപ്പേപ്പർ തയ്യാറാക്കണമെന്ന് പി.കെ ഇബ്രാഹീം കുട്ടി മാസ്റ്റർ നിർദേശിച്ചു. ഇംഗ്ലീഷ് ഭാഷാ ചോദ്യ പേപ്പർ ഒരു പരിധി വരെ നിർമാണാത്മകമാണെന്ന് ഹാരിസ് ഹുദവി അഭിപ്രായപ്പെട്ടു.

4.2 ഭൗതിക വിഷയങ്ങളുടെ പരീക്ഷക്ക് സ്കൂൾ കസ്റ്റൻ പാറ്റേൺ മാതൃക സ്വീകരിക്കുന്നത് 10+12 പരീക്ഷകൾ അഭിമുഖീകരിക്കുന്നതിന് വിദ്യാർഥികളെ സഹായിക്കുമെന്ന് അംഗങ്ങൾ ഉണർത്തി.

4.3 സി.സി.ഇ വളരെ കാര്യക്ഷമമാക്കണമെന്നും ശരിയായ മൂല്യനിർണയരീതി അതാണെന്നും കൃത്യമായി വിദ്യാർഥികളെ അളക്കാനും അവരുടെ പഠന വളർച്ച അടയാളപ്പെടുത്താനും സി.സി.ഇയിലൂടെയാണ് കഴിയുക എന്നും അംഗങ്ങൾ അഭിപ്രായപ്പെട്ടു. തുടർ മൂല്യനിർണയം ഫലവത്താക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ അധ്യാപകർക്ക് നിരന്തരമായി നൽകണമെന്ന് പി.കെ ഇബ്രാഹീം കുട്ടി മാസ്റ്റർ, ശാഹുൽ ഹമീദ് മാസ്റ്റർ എന്നിവർ നിർദേശിച്ചു. അക്കാദമിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ ഇത്തരം ക്ലാസുകൾ നൽകണമെന്ന് ഡോ. അബ്ദുർറഹ്മാൻ സർ ആവശ്യപ്പെട്ടു.

4.4 വിദ്യാർഥിയുടെ സ്വഭാവം, പെരുമാറ്റം, അറിവ്, വിവിധ കഴിവുകൾ, സാമൂഹിക ഇടപെടലുകൾ എന്നിവ വിലയിരുത്തി ഇന്റേണൽ മാർക് സംവിധാനിക്കണമെന്ന് അംഗങ്ങൾ ആവശ്യപ്പെട്ടു. സെക്കന്ററി തലം മുതലേ ഇന്റേണൽ മാർക്ക് സംവിധാനം തുടങ്ങിയാൽ ഡിഗ്രിയിലെത്തുമ്പോഴേക്ക് വിദ്യാർഥിയുടെ ആപ്റ്റിറ്റ്യൂഡ് മനസ്സിലാക്കാനും അവരുടെ വളർച്ചയുടെ ഗ്രാഫ് അളക്കാനും കഴിയുമെന്ന് യോഗം വിലയിരുത്തി. വരുന്ന വർഷം തന്നെ ഇത് സംവിധാനിക്കാമെന്ന് രജിസ്ട്രാർ മറുപടി പറഞ്ഞു.

**5. സെക്കന്ററി, സീനിയർ സെക്കന്ററി അവസാന വർഷ വൈവ**

സീനിയർ സെക്കന്ററി, സെക്കന്ററി അവസാന വർഷങ്ങളിൽ നടത്തപ്പെടുന്ന വൈവയുടെ സ്വഭാവം പരീക്ഷാ കൺട്രോളർ വിശദീകരിച്ചു. ഡിഗ്രി ഡിപ്പാർട്ട്മെന്റ് ആരംഭിച്ചതിനാൽ സീനിയർ സെക്കന്ററി വൈവ ഒന്നുകൂടി കാര്യക്ഷമമാവണമെന്ന് യോഗം ആവശ്യപ്പെട്ടു.

വൈവയെക്കുറിച്ച ആശങ്കയും ഭീതിയും പല വിദ്യാർഥികളിലും കാണപ്പെടുന്നതിനാൽ, ഓരോ വർഷവും സ്ഥാപനങ്ങളിൽ വെച്ച് വൈവ നടത്തുക, മോഡൽ വൈവകൾ സംഘടിപ്പിക്കുക തുടങ്ങിയ പരിഹാര മാർഗങ്ങൾ സ്വീകരിക്കണമെന്ന് അംഗങ്ങൾ ഉണർത്തി. ആവശ്യമെങ്കിൽ വൈവ നടത്തപ്പെടുന്ന പോർഷൻ നേരത്തേ വിദ്യാർഥികളെ അറിയിക്കുന്നതിനുള്ള മാർഗം കാണാമെന്ന് കൺട്രോളർ അറിയിച്ചു.

**6. കോവിഡാനന്തര പഠന സംവിധാനങ്ങൾ**

നീണ്ട ഇടവേളക്ക് ശേഷം വിദ്യാർഥികൾ സ്ഥാപനങ്ങളിലെത്തുമ്പോൾ സ്വീകരിക്കേണ്ട സമീപനങ്ങളെക്കുറിച്ച് യോഗം വിശദമായി ചർച്ച ചെയ്തു. കോവിഡിന് ശേഷം സ്കൂളുകൾ തുറക്കുമ്പോൾ ആദ്യ സമയങ്ങൾ റിലാക്സേഷൻ പിരീഡായിട്ടാണ് ഉപയോഗിക്കുന്നതെന്ന് ശാഹുൽഹമീദ് മാസ്റ്റർ പറഞ്ഞു. ആദ്യത്തെ ചില മാസങ്ങൾ ബ്രിഡ്ജിംഗ് കാലമായി ഉപയോഗപ്പെടുത്തമെന്ന് യോഗം വിലയിരുത്തി.

അതിനനുസരിച്ച് സിലബസിൽ മാറ്റങ്ങൾ വരുത്തുക, വിദ്യാർഥികൾക്ക് കണ്ടന്റ് മുഴുവനായി ലഭിക്കുകയും പരീക്ഷക്ക് തെരഞ്ഞെടുത്ത ചാപ്റ്ററുകൾ കുറക്കുകയും ചെയ്യുക, ഒഴിവാക്കപ്പെടുന്ന ചാപ്റ്ററുകളുടെ വിവരം നേരത്തേ സ്ഥാപനങ്ങളെ അറിയിക്കാതിരിക്കുക തുടങ്ങിയ നിർദേശങ്ങൾ അംഗങ്ങൾ മുന്നോട്ട് വെച്ചു.

**7. പി.എൽ.സി (പ്രൊഫഷണൽ ലേണിംഗ് സർക്കിൾ)**

സെക്കന്ററി, സീനിയർ സെക്കന്ററി അധ്യാപകർക്കായി കഴിഞ്ഞ വർഷം മുതൽ ആരംഭിച്ച പി.എൽ.സി സംവിധാനം കോഡിനേറ്റർ അലിഹസൻ ഹുദവി പരിചയപ്പെടുത്തി. 7 ക്ലസ്റ്ററുകളിൽ 5 വ്യത്യസ്ത സബ്ജക്ട് ഗ്രൂപ്പുകളായി തിരിച്ചാണ് നിലവിൽ സർക്കിളുകൾ രൂപീകരിച്ചിട്ടുള്ളത്. മുഴുവൻ ഗ്രൂപ്പുകളുടെയും മേധാവികൾക്കുള്ള വർക്ഷോപ്പ് ദാറുൽഹുദായിൽ വെച്ച് നടത്തപ്പെട്ടതായും ക്ലസ്റ്റർ യോഗങ്ങൾ ഓഫ്ലൈനായും ഓൺലൈനായും നടത്തപ്പെടുന്നുണ്ടെന്നും അദ്ദേഹം അറിയിച്ചു.

അധ്യാപകർ വർഷം തോറും വിഷയങ്ങൾ മാറുന്നത് അവരുടെ മാസ്റ്ററിയെ ബാധിക്കുന്നുണ്ടെന്നും ഓരോ വർഷവും പുതിയ അധ്യാപകരാണ് വിഷയങ്ങൾ പഠിപ്പിക്കുന്നത് എന്നതിനാൽ വിഷയങ്ങളുടെ കണ്ടന്റ് ഉൾകൊള്ളാൻ അവർക്ക് പ്രയാസം നേരിടുന്നുണ്ടെന്നും അതിനാൽ ചിലർക്കെങ്കിലും സിലബസ് ഭാരമായി അനുഭവപ്പെടുന്നുണ്ടെന്നും രജിസ്ട്രാർ വിശദീകരിച്ചു.

**8. പൊതു ചർച്ചകൾ**

വിദ്യാർഥികളുടെ ആത്മീയവും ധാർമികവുമായ മൂല്യശോഷണം ഗൗരവത്തിൽ കാണണമെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. ലഹരി-മയക്കുമരുന്ന് ഉപയോഗങ്ങൾ വർധിച്ചു വരുന്നത് മത കലാലയങ്ങളെ പോലും ബാധിക്കുന്ന രീതിയിൽ വർധിച്ചിട്ടുണ്ട്.

നിരന്തര ഇടപെടലുകളും അവബോധനങ്ങളും അധ്യാപകരുടെ ആത്മാർഥവും ആഴത്തിലുള്ളതുമായ ഇടപെടലുകളാണ് പരിഹാരമെന്ന് യോഗം വിലയിരുത്തി.

12.30ന് യോഗം സമാപിച്ചു.

**Prepared by:**

Sd/-

M.K.M Jabirali Hudawi

(Academic Registrar, DHIU)

**Approved by:**

Sd/-

Dr. Abdurahman Areekandan

(Director, DH Secondary & Sr. Secondary Education Board)

DARUL HUDA ISLAMIC UNIVERSITY ★ CHEMMAD, MALAPPURAM ★ KERALA, INDIA 676 306